**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 351** **18-03-2025 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (എ) | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനായി 277 കോടി രൂപക്ക് ഭരണാനുമതി നൽകിയ പ്രകാരം കെ എസ് ഇ ബി എൽ ആദ്യ സ്മാർട്ട് മീറ്റർ പദ്ധതി 27-07-2024-ന് 2 പാക്കേജുകളായി (പാക്കേജ്-1 സ്മാർട്ട് മീറ്റർ, ആശയവിനിമയ ശൃംഖലയും അനുബന്ധ സോഫ്റ്റ്‌വെയർ, പാക്കേജ്-2 MDMS സോഫ്റ്റ്‌വെയർ, ഇന്റഗ്രേഷൻ) ടെണ്ടർ ചെയ്തിരുന്നു. പാക്കേജ്-1ന്റെ കരാർ തുക (PAC) 211 കോടി രൂപയും പാക്കേജ്-2ന്റെ കരാർ തുക 10 കോടി രൂപയും ആയിരുന്നു.<br><br>കേരള ബദൽ മാതൃക പ്രകാരമുള്ള ആദ്യ ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.ടി ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗിച്ച് CAPEX അടിസ്ഥാനത്തിൽ ആണ് നടപ്പാക്കുന്നത്. 2 ടെണ്ടറിലും 6 വീതം ബിഡ്ഡർമാർ പങ്കെടുത്തിരുന്നു.<br><br>പാക്കേജ്-1 ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ആയ 160.9 കോടി രൂപ (PACയിൽ നിന്ന് 23.7% കുറവ്) ക്വോട്ട് ചെയ്തത് ഇസ്ക്രാമെക്കോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, രാമലിംഗം കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് (കൺസോർഷ്യം) ആണ്. പാക്കേജ്-2 ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ആയ 4.45 കോടി രൂപ (PACയിൽ നിന്ന് 55.5% കുറവ്) ക്വോട്ട് ചെയ്തത് ഈസിയാസോഫ്റ്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് ആണ്. രണ്ട് പാക്കേജുകളുടേയും വർക്ക് ഓർഡർ 29-01-2025ന് ഈ കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. രണ്ടു പാക്കേജുകളുടെയും കരാർ ഒപ്പുവെച്ചു. പദ്ധതി നടപ്പാക്കാൻ പിന്തുണ ആവശ്യപ്പെട്ട് 03.03.2025-ന് |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിലെ തൊഴിലാളി, ഓഫീസർ സംഘടനകളുടെ യോഗം വിളിച്ചിരുന്നു. എല്ലാ സംഘടനകളും പദ്ധതിക്ക് പിന്തുണ വാഗ്ദാനം ചെയ്തു. 2025 മെയ് മാസത്തിൽ ആരംഭിച്ച് 2026 ജൂലായ് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം ഉപഭോക്താക്കൾക്ക് അധിക ഭാരം ഉണ്ടാക്കാതിരിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ 01-04-2023-ന് ടോട്ടക്സ് അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തിരുന്നു. ഇതിലെ ഏറ്റവും കുറഞ്ഞ ബിഡ് PAC (2400 കോടി രൂപ) യുടെ 44.8% മുകളിൽ (3475 കോടി രൂപ) ആയിരുന്നു. ഇത് വൈദ്യുതി ഉപഭോക്താക്കളിൽ അമിതഭാരം അടിച്ചേൽപ്പിക്കുമെന്നതിനാൽ പിന്നീട് ടെണ്ടർ റദ്ദ് ചെയ്തു. ടോട്ടക്സ് അടിസ്ഥാനത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ മാതൃകയ്ക്ക് പകരം ചെലവ് കുറച്ച് കേരളത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ബദൽ മാതൃക തയ്യാറാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25-08-2023-ന് നടന്ന യോഗത്തിൽ നിർദ്ദേശിച്ചു.<br><br>3 ലക്ഷം മീറ്ററുകൾ സ്ഥാപിക്കാൻ ബദൽ മാതൃക തയ്യാറാക്കുമ്പോൾ, ടോട്ടക്സ് പദ്ധതിയിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിച്ചിരുന്നുവെങ്കിൽ 475 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നു. ഇത്രയും മീറ്ററുകൾക്ക് ലഭിക്കുമായിരുന്ന 52 കോടി രൂപ കേന്ദ്ര ഗ്രാന്റ് കുറച്ചാൽ തന്നെ 423 കോടി രൂപയുടെ ചെലവ് കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാകുമായിരുന്നു. ഇതിന് പകരം ഒ.ഇ.എം. കമ്പനികളിൽ നിന്ന് ബജറ്റ് എസ്റ്റിമേറ്റ് വാങ്ങി 277 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിന് ഭരണാനുമതി വാങ്ങുകയാണ് കെ.എസ്.ഇ.ബി.എൽ. ചെയ്തത്. ബദൽ മാതൃക പ്രകാരം ടെണ്ടർ ചെയ്തപ്പോൾ ലഭിച്ച ഏറ്റവും കുറഞ്ഞ ടെണ്ടർ തുക 165.44 കോടി രൂപ മാത്രമാണ്. ടോട്ടക്സ് ടെണ്ടറിൽ മൂലധനം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന ഏജൻസി (എ.എം.ഐ. സർവീസ് പ്രൊവൈഡർ) കണ്ടെത്തുമെങ്കിലും 93 മാസ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. 423 കോടി രൂപ തിരികെ നൽകേണ്ടി വരുമായിരുന്നു. ബദൽ മാതൃക പ്രകാരമുള്ള കാപ്പക്സ് ടെണ്ടറിൽ മീറ്റർ അടക്കമുള്ള സാമഗ്രികൾക്ക് പദ്ധതി നിർവഹണ കാലമായ 18 മാസത്തിനുള്ളിൽ തന്നെ ഘട്ടം ഘട്ടമായി തുക നൽകുന്നുണ്ടെങ്കിലും പദ്ധതി കാലയളവ് ആയ 90 മാസ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. നൽകേണ്ടി വരുന്ന തുക 165 കോടി രൂപ മാത്രമാണ്. |

ഈ മാതൃകകൾ തമ്മിലുള്ള വ്യത്യാസം മീറ്റർ സ്ഥാപിക്കുന്ന ചുമതല കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തതും ഡാറ്റ സൂക്ഷിക്കുന്നതിന് നിലവിൽ ഡാറ്റാ സെന്ററിൽ ലഭ്യമായ സ്റ്റോറേജ് ഉപയോഗിക്കുന്നതും മാത്രമാണ്. പക്ഷേ ക്യാപ്പക്സ് മാതൃകയിൽ 1,40,00,000 ഉപഭോക്താക്കൾക്ക് വലിയ ഒരു തുക ആവശ്യമായി വരും. ക്യാപ്പക്സ് മാതൃക പ്രകാരമുള്ള ടെണ്ടറിൽ ചെലവ് കുറഞ്ഞത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചത് കൊണ്ടാണ്.

1. ടോട്ടക്സ് മാതൃകയിൽ ടെണ്ടർ ചെയ്യുമ്പോൾ ഊർജ്ജ മന്ത്രാലയം തയ്യാറാക്കിയ പട്ടികയിലുള്ള അഡ്വാൻസ്ഡ് മീറ്ററിങ്ങ് ഇൻഫ്രാസ്ട്രക്ചർ സർവീസ് പ്രൊവൈഡർ-മാർക്ക് (എ.എം.ഐ.എസ്.പി.) മാത്രമാണ് പങ്കെടുക്കാൻ കഴിയുക. ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെടുന്ന എ.എം.ഐ.എസ്.പി. വിവിധ മീറ്റർ ഉത്പാദകരിൽ നിന്നും സോഫ്റ്റ്‌വെയർ സ്ഥാപനങ്ങളിൽ നിന്നും സാധന സാമഗ്രികൾ വാങ്ങി അവരുടെ ലാഭം കൂടി ചേർത്താണ് ഡിസ്കോമുകൾക്ക് സ്മാർട്ട് മീറ്ററുകളും അനുബന്ധ സോഫ്റ്റ്‌വെയറുകളും നൽകുന്നത്. കാപ്പക്സ് മാതൃകയിൽ, നല്ല നിലവാരമുള്ള മീറ്ററുകളും സോഫ്റ്റ്‌വെയറുകളും ഉത്പാദകരിൽ നിന്നും സോഫ്റ്റ്‌വെയർ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നത് വഴി കുറഞ്ഞ ചെലവ് ഉറപ്പ് വരുത്തി.
2. ടോട്ടക്സ് മാതൃകയിൽ എ.എം.ഐ. സർവീസ് പ്രൊവൈഡർ തന്നെയാണ് മീറ്ററുകൾ ഉപഭോക്താക്കളുടെ മീറ്റർ ബോർഡിൽ സ്ഥാപിക്കുന്നത്. ഈ പ്രവൃത്തി കാലങ്ങളായി കെ.എസ്.ഇ.ബി.എൽ. നല്ല രീതിയിൽ ചെയ്തു വരുന്നതാണ്. അതിനാൽ, ബദൽ മാതൃകയിൽ ഈ പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തത് ചെലവ് കുറയ്ക്കാൻ സഹായിച്ചു.
3. ടോട്ടക്സ് മാതൃകയിൽ എ.എം.ഐ. സർവീസ് പ്രൊവൈഡർ ക്ലൗഡ് സർവറുകളിലാണ് ഡാറ്റ സൂക്ഷിക്കുന്നത്. ഈ ഇനത്തിൽ ഒരു ഉപഭോക്താവിൽ നിന്നും മാസം 1.50 രൂപ മുതൽ 3 രൂപ വരെ അധികം ചാർജ് ഈടാക്കേണ്ടി വരും. എന്നാൽ, കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാറ്റാ സെന്ററിൽ ആദ്യ ഘട്ട സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്റ്റോറേജ് ലഭ്യമായിരുന്നു. അതിനാൽ ആദ്യ ഘട്ടം

| | | | |
|---|---|---|---|
| | | | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുമ്പോൾ ഇത് ഉപയോഗപ്പെടുത്തിയത് ചെലവ് കുറച്ചു.<br>4. ആദ്യ ഘട്ടം സ്മാർട്ട് മീറ്റർ പദ്ധതിയിൽ കേരളത്തിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെട്ടതിനാൽ ഏറ്റവും ചെലവ് കുറഞ്ഞ വാർത്താ വിനിമയ സംവിധാനമായ സെല്ലുലാർ സാങ്കേതിക വിദ്യയാണ് ഈ ഘട്ടത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്. ഇപ്രകാരം മീറ്ററിൽ നിന്ന് ബില്ലിംഗ് സോഫ്റ്റ് വെയറിലേക്കുള്ള വിവര കൈമാറ്റം ഏറ്റവും ചുരുങ്ങിയ ചെലവിൽ ആണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പാക്കിയിട്ടുണ്ട്.<br>5. ഇത് കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ, സ്വന്തം ബില്ലിങ്ങ് സോഫ്റ്റ്‌വെയറും സംവിധാനങ്ങളും ഉപയോഗിക്കുക വഴി ചെലവ് കുറയ്ക്കാനും സ്വയംപര്യാപ്തത ഉറപ്പു വരുത്താനും സാധിച്ചു.<br><br>ഇപ്രകാരം രാജ്യത്തെ തന്നെ ഏറ്റവും ചിലവു കുറഞ്ഞ രീതിയിലാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ഒന്നാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ